# അക്രൈസ്തവമതങ്ങളോടുള്ള ബന്ധം സംബന്ധിച്ച പ്രഖ്യാപനം

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

കൗൺസിൽ പ്രമാണരേഖകളിലെ പ്രഖ്യാപനങ്ങളുടെ ഗണത്തിൽ രണ്ടാമത്തേതാണിത്. 1965 ഒക്ടോബർ 28–നാണ് ഈ പ്രഖ്യാപനം ഔദ്യോഗികമായി പ്രസിദ്ധീകൃതമായത്. നോസ്ത്രാ ഏത്താത്തേ (Nostra Aetatae = നമ്മുടെ കാലഘട്ടത്തിൽ) എന്നാണ് ഈ രേഖയുടെ ഔദ്യോഗിക പേര്. കൗൺസിൽ പ്രമാണരേഖകളിൽ ഏറ്റവും ചെറുതെങ്കിലും അക്രൈസ്തവമതങ്ങളോടുള്ള കത്തോലിക്കാവിശ്വാസികളുടെ സമീപനത്തിൽ നവമായ ഒരു മനോഭാവ രൂപവത്കരണത്തിനും ആരോഗ്യകരമായ മതാന്തരസംവാദങ്ങൾക്കും ഈ രേഖ പ്രചോദനമായിട്ടുണ്ട്.

## പ്രധാന ചിന്തകൾ

**1. മനുഷ്യസമൂഹം ഒരു മഹാകുടുംബം**

എല്ലാ ജനപദങ്ങളും ഒരു മനുഷ്യമഹാകുടുംബത്തിലെ അംഗങ്ങളാണെന്നുള്ള വിശ്വമാനവികതയുടെ പൊതുദർശനത്തോടെയാണ് ഈ പ്രമാണരേഖ ആരംഭിക്കുന്നത് (n. 1). എല്ലാ ജനപദങ്ങളുടെയും ഉദ്ഭവകാരണവും ആത്യന്തിക ലക്ഷ്യവും ദൈവമാണ്. ദൈവപരിപാലന എല്ലാ ജനപദങ്ങളെയും സമാശ്ലേഷിക്കുന്നു. എല്ലാ മനുഷ്യമക്കളും ദൈവമഹിമയാൽ പ്രദീപ്തമായി പരിശുദ്ധനഗരത്തിൽ ഒന്നിച്ചുചേരുന്നതുവരെ ഈ ദൈവപരിപാലന തുടരുന്നു.

**2. എല്ലാ മനുഷ്യരിലുമുള്ള ദൈവികചിന്തയും മതാത്മകാഭിമുഖ്യങ്ങളും**

മനുഷ്യജീവിതത്തെ വീർപ്പുമുട്ടിക്കുന്ന നിരവധിയായ ദാർശനികചോദ്യങ്ങളുണ്ട്: മനുഷ്യൻ എന്ന യാഥാർത്ഥ്യം, അവനിലെ നന്മതിന്മകൾ, മനുഷ്യജീവിതത്തിലെ സുഖദുഃഖങ്ങൾ, ജീവിതലക്ഷ്യം, ശാശ്വതമായ ജീവിതത്തികവ്, മരണം, മരണാനന്തരജീവിതം, സൃഷ്ടപ്രപഞ്ചം, പ്രപഞ്ചത്തിന്റെ ചലനവും ലക്ഷ്യവും തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. ഇവയ്ക്കും സമാനമായ ഇതര അടിസ്ഥാന ചോദ്യങ്ങൾക്കും വിശദീകരണം തേടി മനുഷ്യർ വിവിധ മതങ്ങളിൽ വിശ്വസിക്കുന്നു.

ദൈവചിന്തയും മതാത്മകതയും എല്ലാ മനുഷ്യരിലും എല്ലാ സംസ്കാരങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും നിലനിന്നിരുന്നു.

**3. ഹൈന്ദവ – ബുദ്ധ മതദർശനങ്ങളും തിരുസഭയും**

ഹൈന്ദവധർമ്മത്തിലെ ദൈവാന്വേഷണചിന്തകളും മുക്തിക്കുവേണ്ടിയുള്ള മനുഷ്യന്റെ തീവ്രമായ പരിശ്രമവും, താപസജീവിതം, അതീന്ദ്രിയധ്യാനം, ദൈവത്തിലേക്കുള്ള പ്രയാണത്തിന്റെ വിവിധ പടികൾ തുടങ്ങിയ അടിസ്ഥാന ഹൈന്ദവദർശനങ്ങൾ കൗൺസിൽ പിതാക്കൻമാർ എടുത്തുപറയുന്നുണ്ട്. ബുദ്ധമതത്തിന്റെ അടിസ്ഥാന ചിന്തകളും ജീവിതപ്രമാണങ്ങളും ഈ രേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ മതങ്ങളിലെല്ലാം "സത്യത്തിന്റെ രശ്മികൾ" പ്രതിബിംബിക്കുന്നുണ്ടെന്നും അവയിൽകാണുന്ന സത്യവും വിശുദ്ധവുമായ ഒന്നിനെയും തിരുസഭ തിരസ്കരിക്കുന്നില്ലെന്നും പിതാക്കൻമാർ വ്യക്തമായി പഠിപ്പിക്കുന്നു. ആയതിനാൽ ഇതരമതങ്ങളോടു സഹകരിക്കാവുന്ന മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുവാനും അവരുമായി ആരോഗ്യകരമായ സംഭാഷണത്തിൽ ഏർപ്പെടുവാനും തിരുസഭ വിശ്വാസികളെ ക്ഷണിക്കുന്നു (n. 1).

**3. മുസ്ലീം സഹോദരരും കത്തോലിക്കരും**

മുസ്ലീംസഹോദരരെ ബഹുമാനപുരസരമാണ് തിരുസഭ വീക്ഷിക്കുന്നതെന്ന് ഈ രേഖ കൃത്യമായി പഠിപ്പിക്കുന്നു (n. 3). ഏകദൈവവിശ്വാസവും വിശ്വാസികളുടെ പിതാവായ അബ്രാഹത്തോടുള്ള പൊതുബന്ധവും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വീക്ഷണങ്ങളും ദൈവാരാധനയും ധാർമ്മികജീവിതവുമെല്ലാം ഇരുമതാനുയായികളെയും പൊതുവിൽ ഒന്നിപ്പിക്കുന്നു. മുസ്ലീം സഹോദരർ ഈശോയെ ഒരു പ്രവാചകനായി അംഗീകരിക്കുന്നുവെന്നതും കന്യകാമറിയത്തെ ആദരിക്കുന്നുവെന്നതുമെല്ലാം ഈ സഹോദരബന്ധത്തെ വളർത്തുന്നു.

**4. യഹൂദരും ക്രൈസ്തവരും**

യഹൂദരോടുള്ള ദൈവജനത്തിന്റെ ആദ്ധ്യാത്മികബന്ധം കൗൺസിൽ പിതാക്കൻമാർ പ്രത്യേകം എടുത്തുപറയുന്നുണ്ട്. വിശ്വാസത്തിൽ പൊതുപിതാവായ അബ്രാഹത്തിന്റെ പുത്രരാണ് ഈശോയിൽ വിശ്വസിക്കുന്ന എല്ലാവരും. അബ്രാഹത്തിന്റെ വിളിയിൽ എല്ലാ ക്രൈസ്തവരും ഉൾപ്പെടുന്നുവെന്നും ഇസ്രായേൽ ജനത്തിന്റെ വാഗ്ദാന നാട്ടിലേക്കുള്ള പുറപ്പാടിൽ സഭ വഴി കരഗതമാകുന്ന രക്ഷ നിഗൂഢമായി നിഴലിച്ചിരുന്നുവെന്നും തിരുസഭ തുറന്നു സമ്മതിക്കുന്നു. യഹൂദജനതയാകുന്ന നല്ല ഒലിവുവൃക്ഷത്തിന്റെ മൂലത്തിൽനിന്നാണു താൻ പോഷകാംശം സ്വീകരിക്കുന്നതെന്ന വസ്തുതയും തിരുസഭ മറക്കുന്നില്ല. തുടർന്ന്

യഹൂദജനതയുടെ ശ്രേഷ്ഠതയെക്കുറിച്ചു കൗൺസിൽ പിതാക്കൻമാർ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ, ദത്തുപുത്രസ്ഥാനവും മഹത്ത്വവും ഉടമ്പടിയും നിയമസംഹിതകളും ദൈവാരാധനയും വാഗ്ദാനങ്ങളുമെല്ലാം യഹൂദരുടേതാണ്. സഭയുടെ അടിസ്ഥാന ശിലകളായ ശ്ലീഹൻമാരും ആദ്യകാലശിഷ്യരുമെല്ലാം യഹൂദരിൽനിന്നായിരുന്നു. യഹൂദരും ക്രൈസ്തവരും ദൈവത്തിന്റെ രക്ഷാകരദിനം പ്രതീക്ഷയോടെ കാത്തിരിക്കുന്നവരാണ്. ഇപ്രകാരം യഹൂദരും ക്രൈസ്തവരും തമ്മിൽ പൊതുവിലുള്ള ആദ്ധ്യാത്മിക സമ്പത്ത്, തുടർപഠനങ്ങളിലൂടെയും നിരന്തരമായ സംഭാഷണങ്ങളിലൂടെയും പരസ്പരം ആദരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണമെന്നു സൂനഹദോസ് പിതാക്കൻമാർ ആഗ്രഹിക്കുന്നു.

**5. മതത്തിന്റെ പേരിൽ വിവേചനം പാടില്ല**

മതവിശ്വാസം മനുഷ്യാസ്തിത്വത്തിന്റെ ഭാഗമാണെന്നും അവയുടെ പേരിൽ വിവേചനം കാണിക്കുന്നത് അടിസ്ഥാനരഹിതമാണെന്നും ഈ രേഖ ശക്തമായി പഠിപ്പിക്കുന്നു. ജാതി, മതം, വർണ്ണം, ജീവിതനിലവാരം എന്നിവയുടെ പേരിൽ മനുഷ്യനോടു വിവേചനം കാണിക്കുന്നതും മനുഷ്യനെ ഞെരുക്കുന്നതും സഭ പൂർണ്ണമായി അപലപിക്കുന്നു. ഇതരമതസ്ഥരോടു സൗഹൃദം പുലർത്തുകയും എല്ലാ മനുഷ്യരോടും സമാധാനത്തിൽ ജീവിക്കുകയും അതുവഴി യഥാർത്ഥത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പുത്രരായിത്തീരുകയുമാണു വേണ്ടതെന്ന് ഈ രേഖ നമ്മെ ഓർമ്മിപ്പിക്കുന്നു.

**6. എല്ലാവരുടെയും രക്ഷയാണ് ഈശോയുടെയും സഭയുടെയും ലക്ഷ്യം**

വഴിയും സത്യവും ജീവനുമായ ഈശോയിലാണു മനുഷ്യർ മതാത്മകജീവിതത്തിന്റെ സാക്ഷാത്കാരം ദർശിക്കുന്നത്. ദൈവം സമസ്തവും തന്നോടു രമ്യപ്പെടുത്തിയതും ഈശോയിലാണ്. എല്ലാവരുടെയും രക്ഷയാണ് ഈശോമിശിഹായുടെ ലക്ഷ്യം. അതുകൊണ്ട് ഈശോയെ രക്ഷകനായി എല്ലാക്കാലവും പ്രഘോഷിക്കേണ്ടത് തിരുസഭയുടെ കടമയുമാണ് (nos. 2&4). ഈശോ മനുഷ്യരോടുള്ള അനന്ത സ്നേഹത്തെപ്രതി പാടുപീഡകൾ സഹിച്ചു മരിച്ച് ഉയിർത്തുവെന്നും അവിടുത്തെ കുരിശ് ദൈവസ്നേഹത്തിന്റെ പ്രതീകവും എല്ലാവിധ കൃപാവരങ്ങളുടെയും ഉറവിടവുമാണെന്നും പ്രസംഗിക്കേണ്ടതു യുഗാന്തം വരെയുള്ള സഭയുടെ കടമയാണെന്ന പ്രഖ്യാപനത്തോടെയാണ് ഈ രേഖ സമാപിക്കുന്നത്.

**************************************************